**File No.: GE-DA2/110/2025-G.EDN**

"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്-ശ്രീ.മോഹൻദാസ്.വി, എച്ച്.എസ്.എ (സോഷ്യൽ സയൻസ്), ഗവ.മോഡൽ എച്ച്.എസ്.എസ്, കാലിക്കറ്റ് യൂണിവേഴ്‌സിറ്റി ക്യാമ്പസ്, തേഞ്ഞിപ്പാലം - മലപ്പുറം ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) 1095/2025 -ലെ ഉത്തരവ് പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.4044/2026/GEDN തീയതി,തിരുവനന്തപുരം, 19-06-2026

---

പരാമർശം:-
1. മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 02/03/2024 ലെ എ7/4765/2022/ഡി.ഡി.ഇ നം ഉത്തരവ്
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24/06/2025 വി.ബി2/9332/2024/ഡി.ജി.ഇ നം ഉത്തരവ്
3. ശ്രീ മോഹൻദാസ്.വി സമർപ്പിച്ച 05/07/2025 ലെ റിവ്യൂ അപേക്ഷ
4. ശ്രീ മോഹൻദാസ്.വി ഫയൽ ചെയ്ത ഒ.എ( ഇ.കെ.എം) 1095/2025-ന്മേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23/07/2025 -ലെ ഉത്തരവ്
5. ശ്രീ മോഹൻദാസ് വി സമർപ്പിച്ച 01/08/2025ലെ നിവേദനം
6. 25.08.2025 ലെ സ.ഉ(സാധാ) നം.5724/2025/പൊവിവ
7. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 08.09.2025 ലെ DDEPKD/2037/2025-A7 നം കത്ത്
8. പൊതുവിദ്യാഭ്യാസ ഉപഡയറക്ടറുടെ 07.09.2025 ലെ DGE/16509/2025-VA5 നം കത്ത്

**ഉത്തരവ്**

മലപ്പുറം കാലിക്കറ്റ് യൂണിവേഴ്‌സിറ്റി ക്യാമ്പസിലെ ഗവ. മോഡൽ എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എ (എസ്.എസ്) ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ.മോഹൻദാസ്.വി പാലക്കാട് ചുണ്ടമ്പറ്റ ഗവ.ഹൈസ്കൂളിൽ സേവനമനുഷ്ഠിക്കവേ കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ ക്രൈം നം 452/18 u/s 377 IPC 6 r/w 5 of POCSO Act 2012 പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ 20/10/2018 ൽ അറസ്റ്റ് ചെയ്ത് റിമാന്റിലായതിനെത്തുടർന്ന് പാലക്കാട്

വിദ്യാഭ്യാസ ഉപഡയറക്ടർ ടിയാനെ **20/10/2018** മുതൽ മുൻകാല പ്രാബല്യത്തിൽ സർവീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ടിയാനെതിരെ ആരംഭിച്ച അച്ചടക്കനടപടി പരാമർശം (1) പ്രകാരം ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലപ്രാബല്യത്തിൽ കുറവ് ചെയ്യുന്നതിനുള്ള ശിക്ഷ നല്കിയും ടിയാന്റെ സസ്പെൻഷൻ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ചു കൊണ്ടും ഉത്തരവായിരുന്നു.

2.പരാമർശം (1) ഉത്തരവിനെതിരെ ടിയാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച **01/04/2024** ലെ അപ്പീൽ അപേക്ഷ പരിശോധിച്ച് പാലക്കാട് ഡി.ഡി.ഇ-യുടെ **02/03/2024** ലെ ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും ടിയാനെതിരെയുള്ള അച്ചടക്കനടപടി അന്വേഷണഘട്ടം മുതൽ പുനഃരാരംഭിക്കാൻ നിർദ്ദേശം നല്കിയും പരാമർശം (2) പ്രകാരം തീർപ്പാക്കിയിരുന്നു. പരാമർശം (2) ഉത്തരവിനെതിരെ ടിയാൻ പരാമർശം(3) പ്രകാരം സർക്കാർ മുമ്പാകെ റിവ്യൂ അപേക്ഷ സമർപ്പിച്ചിരുന്നു.

3.പരാമർശം (2) ഉത്തരവിനെതിരെ ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത **OA(EKM)** ന്മേൽ പുറപ്പെടുവിച്ച പരാമർശം(4)-ലെ ഉത്തരവ് പ്രകാരം ഉത്തരവിൻ്റെ പകർപ്പ് ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ അപേക്ഷകന് നേരിൽ കേൾക്കാൻ അവസരം നൽകിയതിനുശേഷം, അനുബന്ധം **A8** പുനഃപരിശോധനാ ഹർജി തീർപ്പാക്കുവാനും അനുബന്ധം **A7** സ്റ്റേ ചെയ്യുന്നതിന് ടിയാൻ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ, അപേക്ഷ കൈപ്പറ്റിയ തീയതി മുതൽ രണ്ടാഴ്ച്ചയ്ക്കുള്ളിൽ ആയതു പരിഗണിച്ച് ഉത്തരവു പുറപ്പെടുവിക്കാനും ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് ബഹു ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

4.അനുബന്ധം **A7** സ്റ്റേ ചെയ്യുന്നതിന് ടിയാൻ സമർപ്പിച്ച പരാമർശം(5)-ലെ അപേക്ഷ സർക്കാർ പരിശോധിക്കുകയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (2) ഉത്തരവിനെതിരെ (അനുബന്ധം എ7) കെ.സി.എസ്.സി.സി.എ ചട്ടം 34 പ്രകാരം ടിയാൻ സർക്കാർ മുമ്പാകെ സമർപ്പിച്ച പരാമർശം(3)-ലെ റിവ്യൂ അപേക്ഷയിൽ തീരുമാനമാകുന്നതുവരെ ടി ഉത്തരവ് സ്റ്റേ ചെയ്തു കൊണ്ട് പരാമർശം(6) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

5.ടിയാൻ സർക്കാർ മുമ്പാകെ സമർപ്പിച്ച റിവ്യൂ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിലെ അണ്ടർ സെക്രട്ടറി **11.09.2025**-ന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ടിയാന്റെ പ്രതിനിധിയെ നേരിൽ കേൾക്കുകയുണ്ടായി.

6. <u>ശ്രീ മോഹൻദാസിന്റെ വാദങ്ങൾ (പ്രതിനിധി)</u>

i. പാലക്കാട് ചുണ്ടംപറ്റ ഗവ: ഹൈസ്കൂളിൽ എച്ച്.എസ്.എ(എസ്.എസ്)

തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരവെ, ശ്രീ മോഹൻദാസിനെതിരെ പോക്സോ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അറസ്റ്റ് ചെയ്ത് മഞ്ചേരി സബ് ജയിലിൽ റിമാന്റിൽ കഴിയുകയാണെന്നും കൊണ്ടോട്ടി പോലീസ് സബ് ഇൻസ്പെക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അച്ചടക്കനടപടികൾക്ക് വിധേയമായി ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻ്റ് ചെയ്ത് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ 12.11.2018-ന് ഉത്തരവായി. തുടർന്ന് അച്ചടക്ക നടപടിയുടെ ഭാഗമായി കുറ്റപത്രം/ കുറ്റാരോപണ പത്രിക എന്നിവ നൽകുകയുണ്ടായി. ആയതിന് ടിയാൻ പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു.

ii. ശ്രീ മോഹൻദാസിന് ഇടക്കാല ജാമ്യം ലഭിച്ചതിനെ തുടർന്ന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ അച്ചടക്ക നടപടികൾക്ക് വിധേയമായി സസ്പെൻഷൻ പിൻവലിച്ച്, ടിയാനെ ഷോളയൂർ ജി.ടി.എച്ച്.എസ്സിൽ നിയമിച്ചുകൊണ്ട് ഉത്തരവായി. സെഷൻസ് കേസ് നം. 534/2020 നമ്പർ കേസിൽ സെഷൻസ് കോടതി നടത്തിയ വിചാരണയിൽ പരാതിക്കാരൻ പരാതിക്കടിസ്ഥാനമായ കാരണങ്ങൾ നിഷേധിക്കുകയും കേസിലെ സാക്ഷികൾ തെളിവ് നല്കാതിരിക്കുകയും പ്രൊസിക്യൂഷൻ കേസ് തെളിയിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ശ്രീ. മോഹൻദാസിനെ കുറ്റവിമുക്തനാക്കി മഞ്ചേരി പോക്സോ സ്പെഷ്യൽ കോടതി വിധിയായിട്ടുള്ളതാണ്.

iii. ടിയാനെ കുറ്റവിമുക്തനാക്കിയതിന് ശേഷം പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ ടിയാൻ്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ടും സസ്പെൻഷൻ കാലയളവ് ഇൻക്രിമെൻ്റ്, ഹയർഗ്രേഡ്, പെൻഷൻ എന്നീ സേവന വ്യവസ്ഥകൾക്ക് പരിഗണിക്കുകയില്ല എന്ന നിബന്ധനയോടെയും അച്ചടക്കനടപടികൾ പൂർത്തീകരിച്ച് 02/03/2024-ലെ എ7/4765/2022/ഡി.ഡി.ഇ പ്രകാരം ഉത്തരവായി. കെ.സി.എസ്(സി.സി&എ) റൂൾസിലെ ചട്ടം 15 പ്രകാരമുള്ള മേജർ ശിക്ഷയാണ് ടിയാന് നല്കിയിട്ടുള്ളത്. ചട്ടം 15 പ്രകാരം അനുശാസിക്കുന്ന അന്വേഷണ വിചാരണ നടത്താതെയും തദനുസൃതമായ നടപടിക്രമങ്ങൾ പാലിക്കാതെയുമാണ് മേൽപ്പറഞ്ഞ ശിക്ഷ ചുമത്തിയത്. ആയതിനാൽ പ്രസ്തുത ഉത്തരവ് ചട്ട പ്രകാരം നിലനിൽക്കുന്നതല്ല.

iv. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (പർച്ചേയ്സ്) ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആണ് അപ്പീൽ ഹർജിയിന്മേൽ ഉത്തരവ് പുറപ്പെടുവിച്ചത്. പ്രസ്തുത ഉത്തരവിൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് ചട്ടങ്ങൾക്കനുസൃതമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടല്ല പുറപ്പെടുവിച്ചത് എന്ന് ബോദ്ധ്യപ്പെട്ട് റദ്ദ് ചെയ്യുകയും പുതുതായി അച്ചടക്കനടപടി ക്രമങ്ങൾ

പാലിച്ച് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നല്കിയുമാണ് ഉത്തരവായത്. പ്രസ്തുത ഉത്തരവിനെതിരെയാണ് കെ.സി.എസ്.(സി.സി.&എ) ചട്ടങ്ങളിലെ ചട്ടം 34 പ്രകാരമുള്ള റിവ്യൂ ഹർജി സമർപ്പിച്ചിരിക്കുന്നത്.

v.ചുവടെ പറയുന്ന കാരണങ്ങളാൽ പുതുതായി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് റദ്ദ് ചെയ്ത് അനന്തരനടപടികൾ ഒഴിവാക്കി ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

a) ഹർജിക്കാരനെതിരെ സെഷൻസ് കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ക്രൈം കേസ്സിൽ ഹർജിക്കാരനെതിരെ യാതൊരു തെളിവും കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ ടിയാളെ കുറ്റവിമുക്തനാക്കി (അക്വിറ്റഡ്) കോടതി വിധിയായിട്ടുള്ളതാണ്.

b) ഈ വിഷയത്തിൽ ബഹു: സുപ്രീംകോടതിയുടെ **Dy. Inspector of Police and another V.S. Samuthiram (2013(1) SCC (598)** വിധിന്യായത്തിലെ പ്രസക്ത ഖണ്ഡിക ഉൾപ്പെടുന്ന കേരളാ ഹൈക്കോടതിയുടെ **OP No. 4179/2000** നമ്പർ കേസ്സിലെ 26/05/2015-ലെ പ്രസക്ത ഖണ്ഡിക ചുവടെ ചേർത്തിട്ടുള്ളതാണ്-

**14. The Apex Court in Dy. Inspector General of Police and another VS. Samuthiram (2013(1) SCC 598) a decision relied on by the learned Standing Counsel for the respondents, held that the expressions 'honourable acquittal". 'acquitted of blame', 'fully exonerated are unknown to the Code of Criminal Procedure or the Indian Penal Code, which are coined by judicial pronouncements. It is difficult to define precisely what is meant by the expression 'honourably acquitted when the accused is acquitted after full consideration of prosecution evidence and than the prosecution had miserably failed to prove the charges leveled against the accused it can possibly be said that the accused was honourably acquitted.**

vi. ആയതിനാൽ ഹർജിക്കാരനെ കുറ്റവിമുക്തനാക്കിക്കൊണ്ടുള്ള (acquitted) സെഷൻസ് കോടതിയുടെ വിധിന്യായത്തിൽ ഹർജിക്കാരനെ പൂർണ്ണമായും കുറ്റവിമുക്തനാക്കിയിട്ടുള്ളതാണ് എന്ന് വ്യക്തമാണ്.

vii. കെ.സി.എസ്(സി.സി.&എ) ചട്ടങ്ങളിലെ ചട്ടം 18 ൽ അച്ചടക്കനടപടികളുമായി ബന്ധപ്പെട്ട് സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെട്ട ജീവനക്കാരുടെ കാര്യത്തിൽപോലും പിന്നീടുണ്ടാകുന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ കുറ്റവിമുക്തനാക്കി കോടതി വിധിയാകുന്ന കേസുകളിൽ അത്തരം ജീവനക്കാരെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കേണ്ടതും ജീവനക്കാരൻ സർവ്വീസിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും നല്കേണ്ടതുമാണ് എന്നും അനുശാസിക്കുന്നു.

viii. കോടതി കേസുകൾ നിലവിലുണ്ടെങ്കിൽപ്പോലും

ചട്ടങ്ങൾക്കനുസൃതമായി അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിന് തടസ്സമില്ലാത്തതാണ്. എന്നാൽ ഈ കേസിൽ കോടതി കുറ്റവിമുക്തനാക്കിയതിന് ശേഷം ശ്രീ. മോഹൻദാസിനെ കുറ്റക്കാരനാണെന്ന് കണ്ടെത്തുന്നതിന് യാതൊരു തെളിവുകളോ രേഖകളോ അവശേഷിച്ചിട്ടില്ലാത്ത സാഹചര്യങ്ങളിൽ ടിയാളെ കോടതി കുറ്റ വിമുക്തനാക്കിയതിന് ശേഷം അച്ചടക്കനടപടികൾ നിയമാനുസൃതമായി സ്വീകരിക്കാവുന്നതല്ല.

ix.ടിയാനെതിരെയുള്ള പോക്സോ കേസ്സുമായി ബന്ധപ്പെട്ട കേസ്സിലെ ഇര (അതായത് FIR ലെ പരാതിക്കാരൻ) സ്കൂളുമായി ബന്ധപ്പെട്ട വ്യക്തിയല്ല. പ്രസ്തുത കേസ്സിലെ സാക്ഷികളായി കോടതി വിസ്തരിച്ച വ്യക്തികളും സ്കൂളുമായി ബന്ധപ്പെട്ടവരല്ല. ആയതിനാൽ തന്നെ വകുപ്പുതലത്തിൽ അച്ചടക്കനടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിക്കുന്ന പക്ഷം കേസുമായി ബന്ധപ്പെട്ട കക്ഷികളെ വിളിച്ചു വരുത്തുന്നതിനോ ചോദ്യം ചെയ്യുന്നതിനോ പോലീസ് അധികൃതർക്ക് മാത്രമേ അധികാരമുള്ളു. പുതുതായി അച്ചടക്കനടപടി സ്വീകരിക്കണമെന്ന് തീരുമാനമെടുത്താൽപോലും സ്കൂളിന് പുറത്തുള്ളവരെ വിളിച്ചുവരുത്തുന്നതിനോ ചോദ്യം ചെയ്യുന്നതിനോ വിദ്യാഭ്യാസ വകുപ്പുതല അധികാരികൾക്ക് അധികാരമില്ലാത്തതാണ്. ആയതിനാൽ തന്നെ പുതുതായി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് യാതൊരു സാദ്ധ്യതയും ഈ കേസിൽ ഇല്ലാത്തതിനാലും 7 വർഷത്തിന് ശേഷം പുതിയ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിന് തെളിവുകൾ ലഭ്യമാകുന്നതിന് യാതൊരു സാദ്ധ്യതയും ഇല്ലാത്തതിനാലും പുതുതായി അച്ചടക്കനടപടി സ്വീകരിക്കുന്നതിനുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് റദ്ദ് ചെയ്യപ്പെടേണ്ടതാണ്.

x. മേൽ സാഹചര്യത്തിൽ പാലക്കാട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നിലനിർത്തിയും എന്നാൽ പുതുതായി അച്ചട ക്കനടപടികൾ സ്വീകരിക്കുന്നതിനുള്ള ഉത്തരവ് റദ്ദ് ചെയ്തും സർക്കാർ തലത്തിൽ ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

7. <u>പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ</u>

i. സെഷൻസ് കേസ് നമ്പർ 534/2020 ലെ വിധിന്യായം പ്രകാരം ശ്രീ മോഹൻദാസിനെതിരെ മതിയായ തെളിവുകൾ ഇല്ലാത്തതിനാൽ കുറ്റം തെളിയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടിയാനെ കുറ്റവിമുക്തനാക്കിയിരുന്നു. എന്നാൽ വിദ്യാർത്ഥികൾക്കിടയിൽ മാതൃകയായി പ്രവർത്തിക്കേണ്ട അദ്ധ്യാപകനിൽ നിന്നും പൊതു സമുഹത്തിനിടയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് അവമതിപ്പുണ്ടാക്കുന്ന പ്രവൃത്തി ഉണ്ടായിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടതിൻ്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ കാലയളവ് ഇൻക്രിമെൻറ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജിതാവധി എന്നീ

സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ ശൂന്യ വേതനാവധിയായി ക്രമീകരിച്ചുകൊണ്ടും മോഹൻദാസിൻറെ 2 വാർഷിക ഇൻക്രിമെൻറ് സഞ്ചിതഫല പ്രാബല്യത്തോട് കൂടി തടയുവാൻ തീരുമാനിച്ചും ടി താത്കാലിക തീരുമാനം ശ്രീ മോഹൻദാസിനെ അറിയിച്ചു. ആയതിനു ശ്രീ മോഹൻദാസ് നൽകിയ മറുപടി കണക്കിലെടുത്ത്, സഞ്ചിത പ്രാബല്യത്തോടുകൂടി ഒരു ഇൻക്രിമെൻ്റായി കുറവ് ചെയ്തു ശിക്ഷ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവായി. ശ്രീ മോഹൻ ദാസിനെതിരെ മതിയായ തെളിവുകൾ ഇല്ലാത്തതിനാൽ കുറ്റം തെളിയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടിയാനെ കുറ്റ വിമുക്തനാക്കിയതായി കോടതി ഉത്തരവായെങ്കിലും വകുപ്പുതല അച്ചടക്ക നടപടികൾ തീർപ്പാക്കുന്നതിന് കോടതി തീരുമാനം പരിഗണിക്കേണ്ടതില്ലെന്ന് നിർദ്ദേശമുള്ളതുമാണ്. ടിയാൻ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 8. പൊതു വിദ്യാഭ്യാസ ഡയറക്ടർ

i. ഔപചാരിക അന്വേഷണം നടത്താതെയാണ് ശ്രീ. മോഹൻദാസ് വി-ക്കെതിരെ 1960ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ, ഭാഗം V, ചട്ടം 15 പ്രകാരം പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ അച്ചടക്ക നടപടി സ്വീകരിച്ചത് എന്ന വസ്തുത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ടിയാൾക്കെതിരെ ശിക്ഷ ചുമത്തിയ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും, ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണ വിചാരണ അടിയന്തിരമായി നടത്തി രണ്ട് മാസത്തിനുള്ളിൽ അച്ചടക്ക നടപടികൾ യഥാവിധി പൂർത്തീകരിക്കുവാൻ അടിയന്തിര നിർദ്ദേശം നൽകികൊണ്ടും ശ്രീ.മോഹൻദാസ് വി. സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കിയത്. ഇതിനെതിരെയാണ് ടിയാൾ ഇപ്പോൾ സർക്കാരിൽ റിവ്യൂ ഹർജി സമർപ്പിച്ചിട്ടുള്ളത്.

ii. മേൽ വിഷയത്തിൽ, ചുവടെ പറയുന്ന വസ്തുതകൾ സമർപ്പിക്കുന്നു.
(i) മലപ്പുറം ജില്ലയിലെ ജി.എം.എച്ച്.എസ്.എസ്.സി.യു ക്യാമ്പസ്-ലെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) ആയ ശ്രീ. മോഹൻദാസ് വി പാലക്കാട് ജില്ലയിൽ ചുണ്ടമ്പറ്റ ഗവ.ഹൈസ്കൂളിൽ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) ആയി ജോലി ചെയ്തു വരവേ പ്രായപൂർത്തിയാകാത്ത ഒരു കുട്ടിയെ നിരന്തരം പ്രകൃതിവിരുദ്ധ ലൈംഗിക പീഡനത്തിന് വിധേയമാക്കി എന്ന പരാതിയിന്മേൽ കൊണ്ടോട്ടി പോലീസ് ടിയാൾക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പ് 377, പോക്സോ ആക്ടിലെ 5(1) r/w 6, 5(c) r/w 6 വകുപ്പുകൾ

പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും 19.10.2018 ന് ടിയാളെ അറസ്റ്റു ചെയ്യുകയും അതേ തുടർന്ന് മഞ്ചേരി സബ്ബ് ജയിലിൽ ടിയാൾ 78 ദിവസം റിമാൻഡിൽ കഴിയുകയും ചെയ്തിരുന്നു. ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡിലായതിനെ തുടർന്ന് ടിയാൾക്കെതിരെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് തീർപ്പാക്കുകയും ചെയ്തു.

iii. ആയതിനെതിരെ സമർപ്പിച്ച അപ്പീൽ പരിഗണിക്കുന്നതിൻ്റെ ഭാഗമായി ടിയാളെയും പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറെയും 17.06.2025 നേരിൽ കേൾക്കുകയുണ്ടായി. നേർകൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ടതും രേഖാമൂലം സമർപ്പിക്കപ്പെട്ടതുമായ വാദമുഖങ്ങളിൽ നിന്നും, 1959 ലെ കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 9, ചട്ടം 12 (3), അദ്ധ്യായം 13 (v) എന്നിവ ശ്രീ. മോഹൻദാസ് വി ലംഘിച്ചിട്ടുള്ളതായി കണ്ടെത്തി. എന്നാൽ, ടിയാൾക്കെതിരെ കൈക്കൊണ്ട അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഗുരുതരമായ നടപടി വീഴ്ച വന്നിട്ടുള്ളതായി ബോധ്യപ്പെടുകയും ചെയ്തു. ശ്രീ. മോഹൻദാസ് വി-യെതിരെയുള്ള അച്ചടക്ക നടപടികൾ പൂർത്തീകരിച്ചത് ക്രമപ്രകാരമായിരുന്നില്ല. 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പിലും) ചട്ടങ്ങൾ, ഭാഗം V, ചട്ടം 15 പ്രകാരമാണ് ടിയാൾക്കെതിരെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ ശിക്ഷണ നടപടികൾ കൈക്കൊണ്ടത്. അത് പ്രകാരമാണ് ടിയാൾക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയത്. എന്നാൽ, ചട്ടം 15 (2) (എ) അനുശാസിക്കുന്ന ഔപചാരിക അന്വേഷണ വിചാരണ നടത്താതെയാണ് ചട്ടം 11 (1) (VA) പ്രകാരമുള്ള ശിക്ഷ ചുമത്തി പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചത്. 15 (2) (എ) വ്യവസ്ഥകൾ പാലിക്കപ്പെടാത്തതിനാൽ കുറ്റാരോപിതനായ അദ്ധ്യാപകന് സ്വയം തെളിവ് നൽകുന്നതിനും, സാക്ഷികളെ എതിർവിസ്താരം ചെയ്യുന്നതിനും, തന്റെ എതിർവാദം സ്ഥാപിക്കുന്നതിനായി സാക്ഷികളെ ഹാജരാക്കുന്നതിനും അവരെ വിസ്തരിക്കുന്നതിനുമുള്ള ഭരണഘടനാപരമായ അവകാശമാണ് നിഷേധിക്കപ്പെട്ടത്. ഔപചാരിക അന്വേഷണ വിചാരണ നടത്തുകയും വിചാരണാധികാരിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്നതിന് മുൻപ് അന്വേഷണ വിചാരണാധികാരിയുടെ റിപ്പോർട്ടിൻറെ പകർപ്പ് കുറ്റാരോപിതന് നൽകി അതിന്മേൽ അയാളുടെ വിശദീകരണം തേടേണ്ടത് സ്വാഭാവിക നീതിയുടെ ഭാഗമാണ്. ഒരു ജീവനക്കാരനെതിരെയോ, അദ്ധ്യാപകനെതിരെയോ സ്വീകരിക്കുന്ന അച്ചടക്ക നടപടികൾ നീതിപൂർവ്വകവും, ന്യായമായതും, യുക്തിസഹവും ആയിരിക്കേണ്ടതും നടപടികളിൽ സ്വാഭാവിക നീതിയുടെ നിഷേധം

ഉണ്ടാകുവാൻ പാടില്ലാത്തതുമാണ്. ശ്രീ. മോഹൻദാസ് വി-യ്ക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലംഘിക്കപ്പെട്ടതിനാലാണ് ടിയാൾക്കെതിരെ ശിക്ഷ ചുമത്തികൊണ്ടുള്ള പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് റദ്ദ് ചെയ്തും, ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണ വിചാരണ അടിയന്തിരമായി നടത്തി രണ്ട് മാസത്തിനുള്ളിൽ അച്ചടക്ക നടപടികൾ യഥാവിധി പൂർത്തീകരിക്കുവാൻ പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും അപ്പീൽ തീർപ്പാക്കിയത്.

iv. ക്രിമിനൽ കേസുകളിൽ ഒരു ജീവനക്കാരനെതിരെയുള്ള ആരോപണം സംശയാതീതമായി തെളിയിക്കുന്ന സാഹചര്യത്തിൽ മാത്രമാണ് അത് പ്രകാരമുള്ള ശിക്ഷയ്ക്ക് വിധേയനാക്കുന്നത്. എന്നാൽ വകുപ്പുതല നടപടിയിൽ തെളിവുകളുടെ മാനദണ്ഡം, സംഭവിക്കാനുള്ള സാധ്യതയുടെ ഏറിയ അളവ് എന്നിവ അടിസ്ഥാനമാക്കിയാണ് തീരുമാനമെടുക്കേണ്ടത്. ആയതിനാൽ, ക്രിമിനൽ കേസിൽ കുറ്റവിമുക്തി ലഭിച്ചതിൻ്റെ അടിസ്ഥാനത്തിൽ മാത്രം വകുപ്പുതല അച്ചടക്ക നടപടികൾ റദ്ദാക്കേണ്ടതില്ലെന്നും, അത്തരം വാദങ്ങൾ നിയമപരമായ അടിസ്ഥാനമില്ലാത്തതും അംഗീകരിക്കാനാകാത്തതുമാണ്.

**9.**ശ്രീ. മോഹൻദാസ് വി-യുടെ വാദങ്ങൾ, പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ , പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ അഭിപ്രായം, ലഭ്യമായ രേഖകൾ, ബഹു മഞ്ചേരി സ്പെഷ്യൽ പോക്സോ കോടതിയുടെ വിധിന്യായം, എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു.

**10.**ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പ് **377**, പോക്സോ ആക്ടിലെ **5(1) r/w 6, 5(c) r/w 6** വകുപ്പുകൾ പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും **19.10.2018** ന് ശ്രീ. മോഹൻദാസ് വി യെ അറസ്റ്റു ചെയ്യുകയും തുടർന്ന് മഞ്ചേരി സബ്ബ് ജയിലിൽ ടിയാൾ **78** ദിവസം റിമാൻഡിൽ കഴിയുകയും ചെയ്തിരുന്നു. ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡിലായതിനെ തുടർന്ന് ടിയാൾക്കെതിരെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത പ്രാബല്ല്യത്തോടെ തടഞ്ഞുകൊണ്ട് തീർപ്പാക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ശിക്ഷണ നടപടി കൈക്കൊണ്ടത് ശിക്ഷണ നടപടിക്രമങ്ങൾ പാലിക്കാതെ എന്ന് കണ്ടതിനാലാണ് കുറ്റാരോപിതന്റെ അപ്പീൽ പരിഗണിച്ച് നടപടിക്രമങ്ങൾ പാലിച്ച് ശിക്ഷണ നടപടി തുടരാൻ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്കു നിർദേശം നൽകിയത്. ആയത് ക്രമപ്രകാരമാണ്.

**11.**മേൽ സാഹചര്യത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ

ഉത്തരവിൻ പ്രകാരം ടിയാനെതിരെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ചു വരുന്ന അച്ചടക്കനടപടി പൂർത്തിയായതിന് ശേഷം ആയതിൽ ആക്ഷേപമുള്ള പക്ഷം ചട്ടപ്രകാരം അപ്പീൽ സമർപ്പിക്കാവുന്നതും ആയതിൽ ആക്ഷേപമുള്ള പക്ഷം സർക്കാർ മുമ്പാകെ റിവ്യൂ സമർപ്പിക്കാവുന്നതും ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതുമാണ്. അപ്രകാരം ടിയാന്റെ പരാമർശം(3)-ലെ അപേക്ഷ തീർപ്പാക്കിയും **OA (E) 1095/2025** ലെ വിധിന്യായം പാലിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
3. ശ്രീ.മോഹൻദാസ്,എച്ച്.എസ്.എ(സോഷ്യൽ സയൻസ്) (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
4. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം
6. വെബ്( മീഡിയ/കൈറ്റ്സ്)
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 20-06-2026 10:16:28
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്